ഗവ: ഹൈസ്കൂൾ കുറുമ്പാല

# ലിറ്റിൽ ന്യൂസ്



മാർച്ച് 2025

LK/2018/15088 littlekites15088@gmail.com

## ജി എച്ച് എസ് കുറുമ്പാലയിൽ

# പഠനോത്സവം സംഘടിപ്പിച്ചു






കുപ്പാടിത്തറ: കുറുമ്പാല ഗവ.ഹൈസ്കൂളിലെ 2024-25 വർഷത്തെ പഠനോത്സവം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ ഉദ്ഘാടനം ചെയ്തു. അധ്യയന വർഷം കട്ടികൾ ആർജിച്ചെടുത്ത വിവിധ പഠനനേട്ടങ്ങളുമായി ബന്ധപ്പെട്ട വിവിധ സ്കിറ്റുകൾ, ലഘു പരീക്ഷണങ്ങൾ,പ്രസംഗം,വർക്കിംഗ് മോഡൽ, മോണോ ആക്ട്,കവിതാലാപനം,ജാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ, വഞ്ചിപ്പാട്ട്, നൃത്താവിഷ്ക്കാരം, വാർത്താ വായന തുടങ്ങിയ വിവിധ പരിപാടികളുടെ അവതരണവും,പ്രദർശനവുംനടത്തി

സംസ്ഥാന തലത്തിൽ നടന്ന ഉർദു ടാലൻറ് പരീക്ഷയിൽ എ ഗ്രേഡുകൾ നേടിയ കുട്ടികളെയും,



പ്രീപ്രൈമറി ടാലൻറ് ടെസ്റ്റിൽ വിജയിച്ചവരെയും, ഉയർന്ന ഗ്രേഡ് നേടിയവരെയും ചടങ്ങിൽ ആദരിച്ചു. ഉർദു ഭാഷാ ക്ലാസിൽ പഠനപ്രവർത്തനങ്ങളിൽ കൂടുതൽ മികവ് പുലർത്തിയവർക്ക് ഉർദു ക്ലബ്ബ് ഒരുക്കിയ ഉപഹാരവും വിതരണം ചെയ്തു.

എം പി ടി എ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ, സീനിയർ അസിസ്റ്റൻറ് സിബി ടി വി, എസ് ആർ ജി കൺവീനർമാരായ അന്നമ്മ പി യു, സുധീഷ് വി സി,ലിൻജു തോമസ് എന്നിവർ പ്രസംഗിച്ചു.പിടിഎ പ്രതിനിധികൾ, കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ പങ്കെടുത്തു.

**അറിയിപ്പ്**

കുപ്പാടിത്തറ: ലിറ്റിൽന്യൂസിലേയ്ക്ക് കട്ടികളുടെയും, രക്ഷിതാക്കളുടെയും,അധ്യാപകരുടെയും,പൂർവ്വ വിദ്യാർത്ഥികളുടെയും, സാഹിത്യസൃഷ്ടികൾ ക്ഷണിക്കുന്നു. ചെറുകഥകൾ,കവിതകൾ,മിനികഥകൾ,വിദ്യാലയനുഭവങ്ങൾ(പൂർവ്വവിദ്യാർത്ഥികൾക്ക്).. തുടങ്ങിയവ അയക്കാവുന്നതാണ്.സൃഷ്ടികൾ മൗലികമായിരിക്കണം.

സൃഷ്ടികൾ അയക്കേണ്ട വിലാസം


whatsApp 9961173090
littlekites15088@gmail.com



# ഉർദു ടാലൻറ് ടെസ്റ്റ്

## മികച്ച നേട്ടവുമായി ജി എച്ച് എസ് കുറുമ്പാല

കുപ്പാടിത്തറ: പൊതുവിദ്യാഭ്യാസ വകുപ്പിൻെറ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച ഉർദു ടാലൻറ് ടെസ്റ്റിൽ കുറുമ്പാല ഗവ. ഹൈസ്കൂളിലെ മൂന്ന് വിദ്യാർത്ഥികൾക്ക് എ ഗ്രേഡ് ലഭിച്ചു. യു പി വിഭാഗത്തിലെ നിദ ഫാത്തിമ, മുഹമ്മദ് സഫ്‌വാൻ എന്നീ കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിലെ റിസ്‌വാന ഷെറിനുമാണ് എ




ഗ്രേഡിന് അർഹത നേടിയത്. ഇവർക്കുള്ള സർട്ടിഫിക്കറ്റുകൾ പഠനോത്സവ ചടങ്ങിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ വിതരണം ചെയ്തു. മുൻ വർഷങ്ങളിലും സ്കൂളിലെ വിദ്യാർത്ഥികൾ ടാലൻറ് ടെസ്റ്റിൽ മികച്ച പ്രകടനം നടത്തിയിട്ടുണ്ട്.

## പ്രീപ്രൈമറി ഗണിതോത്സവവും ശാസ്ത്രോത്സവവും





കുപ്പാടിത്തറ: പ്രീപ്രൈമറി വിഭാഗത്തിൽ നടത്തിയ ഗണിതോത്സവവും ശാസ്ത്രോത്സവവും വളരെശ്രദ്ധേയമായി.2025 ഫെബ്രുവരി 28ന് നടത്തിയ പരിപാടി പി ടി എ പ്രസിഡൻറ് ഇ കെ ശറഫുദ്ദീൻ ഉദ്ഘാടനം ചെയ്തു.

ശാസ്ത്ര ഇടം,ഗണിത ഇടം,നിർമ്മാണ ഇടം,ഹരിത ഇടം തുടങ്ങിയ ഇടങ്ങൾ ഉപയോഗപ്പെടുത്തിയാണ് പരി



പാടി സംഘടിപ്പിച്ചത്.ശാസ്ത്ര പരീക്ഷണങ്ങൾ,നിരീക്ഷണങ്ങൾ,ഗണിത കളികൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വിവിധ ശേഷികൾ പരിപോഷിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗണിതോത്സവവും ശാസ്ത്രോത്സവവും സംഘടിപ്പിച്ചത്.ഇതോടൊപ്പം രക്ഷിതാക്കൾക്കായി പ്രത്യേക ശില്പശാലയും നടത്തുകയുണ്ടായി.

## വാർഷിക പരീക്ഷകൾ പൂർത്തിയായി

കുപ്പാടിത്തറ: 2024-25 അധ്യയന വർഷത്തെ ഒന്നാം ക്ലാസ് മുതൽ എസ് എസ് എൽ സി വരെയുള്ള വാർഷിക പരീക്ഷകൾ പൂർത്തിയായി.എസ് എസ് എൽ സി പരീക്ഷ മാർച്ച് 3 ന് ആരംഭിച്ച് മാർച്ച് 26 ന് അവസാനിച്ചു.40 കുട്ടികളാണ് ഈ വർഷം പത്താം ക്ലാസ് പരീക്ഷ എഴുതിയത്.യു പി വിഭാഗത്തിൻെറയും എട്ട്,ഒമ്പത് ക്ലാസുകളുടെയും പരീക്ഷകൾ ഫെബ്രുവരി 24 ആരംഭിച്ച് മാർച്ച് 27ന് അവസാനിച്ചു.എൽ പി വിഭാഗം പരീക്ഷകൾ 28-2-2025 മുതൽ 27-3-2025 വരെയായിട്ടാണ് നടത്തിയത്.

## അരി വിതരണം ചെയ്തു



കുപ്പാടിത്തറ:കുറുമ്പാല ഗവ.ഹൈസ്കൂളിലെ കെ ജി മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കുള്ള സൗജന്യ അരി വിതരണത്തിൻെറ ഉദ്ഘാടനം ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് നിർവ്വഹിച്ചു

# പ്രീപ്രൈമറി ടാലൻറ് ടെസ്റ്റ് വിജയികളെ അനുമോദിച്ചു





കുപ്പാടിത്തറ: പ്രീപ്രൈമറി ടാലൻറ് പരീക്ഷയിൽ എൽ കെ ജി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ അഹമ്മദ് നബാൻ, യു കെ ജി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ നിയ ഫാത്തിമ എന്നിവരെ സ്കൂൾ പഠനോത്സവ ചടങ്ങിൽ അനുമോദിച്ചു. ഇവർക്കുള്ള ഉപഹാരം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ,എംപിടിഎ പ്രസിഡൻറ് ഗീത ചന്ദ്രശേഖരൻ എന്നിവർ വിതരണം ചെയ്തു.

# ഗൃഹ സന്ദർശനം നടത്തി











കുപ്പാടിത്തറ: പരീക്ഷാ കാലയളവിൽ വിദ്യാർത്ഥികൾക്ക് പഠന പിന്തുണ ഉറപ്പ്വരുത്തുക, വിദ്യാലയത്തിൻെറ അക്കാദമികവും ഭൗതികവുമായ മികവുകൾ രക്ഷിതാക്കളെയും പൊതുജനങ്ങളെയും അറിയിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ ജിഎച്ച്എസ് കുറുമ്പാലയിലെ അധ്യാപകർ വിദ്യാർത്ഥികളുടെ വീട് സന്ദർശിച്ചു.

അധ്യാപകർ വിവിധ ഗ്രൂപ്പുകളായി തിരഞ്ഞായിരുന്ന സന്ദർശനം നടത്തിയത്.എല്ലാ രക്ഷിതാക്കളും വളരെ ഹൃദ്യമായാണ് അധ്യാപകരെ സ്വീകരിച്ചത്. കുട്ടികളുടെ പഠന നിലവാരവും വീട്ടിലെ സാഹചര്യങ്ങളും മനസ്സിലാക്കാനും, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പ്വരുത്താനും സന്ദർശനം സഹായകമായി.

# ക്ലാസ് തല വിജയികളെ അനുമോദിച്ചു






കുപ്പാടിത്തറ: ഉർദു ഭാഷാ ക്ലാസിൽ കൂടുതൽ സ്റ്റാറുകൾ നേടിയവരെയും, മലയാളം-ഉർദു ഡിക്ഷനറി നിർമ്മാണത്തിൽ മികവ് പുലർത്തിയവരെയും ഉർദു ക്ലബ്ബിൻെറ നേതൃത്വത്തിൽ അനുമോദിച്ചു.

ക്ലാസ് റൂം പഠനപ്രവർത്തനങ്ങളിൽ കുട്ടികളുടെ മികവുകൾ വിലയിരുത്തി സ്റ്റാറുകൾ മാർക്ക് ചെയ്യുകയും ഓരോ ടേമിലും വർഷാവസാനവും അവ വിലയിരുത്തി കൂടുതൽ മികവ് പുലർത്തുന്നവരെ അനുമോദിക്കുന്നു.ഇത് പ്രൈമറി തലത്തിൽ നടത്തി വരുന്ന പ്രവർത്തനമാണ്.

മലയാളം-ഉർദു ഡിക്ഷ്നറി നിർമ്മാണം യു,പി തലം മുതൽ ഹൈസ്കൂൾ വരെ നിരന്തര പ്രവർത്തനമാ




യിനടത്തിവരുന്നു.

ഭാഷാ പഠനത്തിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുക, പിന്തുണ നൽകുക, അംഗീകരിക്കുക, എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഈ തനത് പ്രവർത്തനങ്ങൾ നടത്തുന്നത്.

ഏറ്റവും കൂടുതൽ സ്റ്റാറുകൾ നേടിയ ഫാത്തിമ നൂറ (5B),തൻഹ സി എം (6B),നിദ ഫാത്തിമ(7B) ഡിക്ഷനറി നിർമ്മാണത്തിൽ മികവ് പുലർത്തിയ ഷബീല ഷെറിൻ കെ വി (5B), തൻഹ സി എം (6B), ഷംസിയ ഫാത്തിമ(7B) എന്നിവർക്കുള്ള ഉപഹാരം സ്കൂൾ പഠനോത്സവ ചടങ്ങിൽ വെച്ച് വിതരണം ചെയ്തു.

## കവിത



# വഞ്ചി

ആടിയുലയണ വഞ്ചി
ചെറു കാറ്റിലുലയണ വഞ്ചി
ഓളപരപ്പിന്റെ താളത്തിൽ ഓരത്ത്
ചാടികളിക്കണ വഞ്ചി
ഒരു കൊച്ചു കുറുമ്പൻ വഞ്ചി...

ദൂരത്ത് മാനത്ത് നിന്നും
ഒരു മേഘവലയത്തിനുള്ളിൽ
വെള്ളിടി മിന്നിമറിഞ്ഞേ
അത് കാറ്റിൻെറ തേൻകണമായി...

രാഗങ്ങൾ ഓരോന്നായി മെല്ലെ-
അത് കാറ്റിന്റെ താളത്തിലാടി
പൊന്നിൻ കുരുത്തോല കെട്ടിച്ചമഞ്ഞൊരു
തെയ്യത്തിൻ കോലത്തെ പോലെ...

കുന്നിൻ ചെരിവിലെ ചാലിൽ
ചാടി മറഞ്ഞു നീരാടി
വെയിലേറ്റു ദാഹിച്ചു വിണ്ടു വരണ്ടൊരു
പാടത്ത് പാൽനുരയായി..

മീനുകൾ നീന്തിതുടിച്ച
നീർകുമിളകൾ വന്നുനിറഞ്ഞു
ഇത് കണ്ടു നിന്നവരെല്ലാം മറന്ന
ആനന്ദ നിർവൃതി പൂണ്ടു...

പുത്തൻ വലകളുമേന്തി
അവർ വഞ്ചിയിൽ ചാടിക്കയറി
താളത്തിൽ ഓളത്തിൽ
അടിത്തുടിച്ചവർ
വഞ്ചി തുഴഞ്ഞങ്ങു നീങ്ങി. ...



ബാലകൃഷ്ണൻ പി
ഓഫീസ് അറ്റൻഡൻറ്
ജി എച്ച് എസ് കുറുമ്പാല

## സന്ദേശം




ലഹരി സമൂഹത്തെ കാർന്നുതിന്നുന്ന ഒരു മഹാവിപത്താണ്. ഇന്നത്തെ പുതുതലമുറയെ എല്ലാ രീതിയിലും തിന്മയിലേക്ക് നയിക്കുന്ന ഈ മഹാവിപത്തിനെതിരെ പോരാടേണ്ടത് ഇന്നിൻറെ പ്രധാന ആവശ്യമായി മാറിയിരിക്കുകയാണ്. ഒരു രാഷ്ട്രത്തിൻറെ ഏറ്റവും വലിയ സമ്പത്ത് മാനവവിഭവമാണെന്നിരിക്കെ നമ്മുടെ പുതിയ തലമുറയെ ലഹരിയുടെ ദൂശ്യഫലങ്ങളെ കുറിച്ച് ബോധവൽക്കരിച്ച് ഇതിൽ നിന്നും മോചിതരാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ആസൂത്രണം ചെയ്യേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

ലഹരി മരുന്ന് മാഫിയകളുടെ ഏറ്റവും വലിയ ഇരകളായി തീർന്നിരിക്കുകയാണ് നമ്മുടെ വിദ്യാർത്ഥി സമൂഹം. കഞ്ചാവ്, എം ഡി എം എ, ഹാഷിഷ്, തുടങ്ങിയ ലഹരിവസ്തുക്കൾക്ക് നമ്മുടെ ചെറിയൊരു വിഭാഗം വിദ്യാർത്ഥികൾ അറിഞ്ഞോ അറിയാതെയോ അടിമപ്പെട്ടിരിക്കുന്നു എന്ന കാര്യം അടുത്ത കാലത്ത് നമ്മുടെ നാട്ടിൽ നടക്കുന്ന സംഭവങ്ങൾ നമ്മേ ബോധ്യപ്പെടുത്തുന്നു.അവധിക്കാലത്തും മറ്റും നമ്മുടെ കുട്ടികൾ ഇത്തരം കൂട്ടുകെട്ടുകളിൽ പെട്ടുപോകുന്നില്ല എന്ന കാര്യത്തിൽ രക്ഷിതാക്കൾ പ്രത്യേകം ജാഗ്രത കാണിക്കണമെന്ന് ഓർമ്മപ്പെടുത്തട്ടേ. വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘട്ടങ്ങൾ നടക്കുന്ന ഇടങ്ങളാണ് വീടും,വിദ്യാലയങ്ങളും. അതുകൊണ്ടുതന്നെ നമ്മുടെ മക്കളുടെ നന്മക്കായി നമുക്കൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പ് മറ്റ് ഗവൺമെൻറ് വകുപ്പുകളെ ഏകോപിപ്പിച്ച് യുദ്ധകാലടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.നമ്മുടെ വിദ്യാലയം ഒരു വർഷം നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുകയാണ്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഓരോ കുട്ടിയിൽ നിന്നും തുടങ്ങുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.ലഹരിയുടെ ദൂഷ്യഫലങ്ങളെ കുറിച്ചും,ഇത് സ്വന്തം ശരീരത്തിലും,കുടുംബത്തിലും, സമൂഹത്തിലും ഉണ്ടാക്കുന്ന ഭവിഷ്യത്തുകളെ കുറിച്ചും നടത്തുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ കുട്ടികളുടെയും, രക്ഷിതാക്കളുടെയും, പൊതു ജനങ്ങളുടെയും പിന്തുണഅഭ്യർത്ഥിക്കുന്നു.

അബ്ദുൾ റഷീദ് കെ
ഹെഡ്മാസ്റ്റർ
ജി എച്ച് എസ് കുറുമ്പാല




പ്രീപ്രൈമറി ടാലൻറ് ടെസ്റ്റിൽ പങ്കെടുത്ത് മികച്ച വിജയം നേടിയ എൽ കെ ജി,യു കെ ജി വിദ്യാർത്ഥികൾ.

### മറ്റ് പ്രധാനവാർത്തകൾ

* 287 ദിവസത്തെ ബഹിരാകാശ ജീവിതത്തിന് ശേഷം സുനിത വില്യംസും ബച്ച് വിൽമോറും ഭൂമിയിൽ (19-03-2025 ന്) തിരിച്ചെത്തി.
*മുണ്ടക്കൈ,ചൂരൽമല ഉരുൾ ദുരന്തബാധിതരുടെ പുനരധിവാസ പദ്ധതിക്കായി കൽപ്പറ്റയിൽ ഒരുക്കുന്ന ടൗൺഷിപ്പിന് (27-3-2025 ന്) മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു.

**വാർത്തകൾ തയ്യാറാക്കിയത്**
**തുഫൈൽ, അർജ്ജുൻ എം എസ്, റിഫ റൈഷിൻ**